**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3685** **05-08-2021 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർഫെഡിന്റെ സേവന വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ ഡി കെ മുരളി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 2011-16 കാലയളവിൽ 450 കോടിയോളം രൂപ നഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡിനെ ലാഭകരമാക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 2016-ൽ അധികാരത്തിൽ വന്ന സർക്കാർ കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മൂന്ന് അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചു. നഷ്ടത്തിലായിരുന്ന 746 നന്മ സ്റ്റോറുകൾ, 33 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, അനാവശ്യമായി വാടകയ്ക്ക് എടുത്തിരുന്ന 9 ഗോഡൗണുകൾ എന്നിവ നിർത്തലാക്കി. ഇതുവഴി വാടകയിനത്തിൽ നൽകിയിരുന്ന തുകകൾ ഒഴിവാക്കാൻ സാധിച്ചു. ഉപയോഗ യോഗ്യമല്ലാത്ത 83 മൊബൈൽ ത്രിവേണികൾ പൊതു ലേലം വഴി വിൽപന നടത്തി. കൺസ്യൂമർഫെഡിൽ അനാവശ്യമായി നിയമിച്ച ഏകദേശം 2500 ജീവനക്കാരെ ഒരു നിശ്ചിത തീയതി കണക്കാക്കി ഒഴിവാക്കി. കൺസ്യൂമർ ഫെഡിന്റെ കേന്ദ്രീകൃത വാങ്ങലുകൾ മുഴുവൻ ഇ-ടെണ്ടറിലൂടെ നടത്താൻ കഴിഞ്ഞു. ഇ-ടെണ്ടറും, ഇ-നെഗോസിയേഷനും നടത്തുക വഴി പർച്ചേസ് രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുക വഴി വിൽപന വിലയിൽ കുറവ് വരുത്താൻ കഴിഞ്ഞു. വിവിധ ഗോഡൗണുകളിലായി ഉപയോഗശൂന്യമായിരുന്ന സാധനങ്ങൾ ലേലം ചെയ്ത് വില്പന നടത്തുകയും, ബാക്കിയുള്ള സാധനങ്ങൾ നിയമവിധേയമായി നശിപ്പിക്കുകയും ചെയ്ത് യൂണിറ്റുകൾ ഡാമേജ് രഹിതമാക്കി. അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി അധികാരത്തിൽ വന്നതിന് ശേഷം ഏർപ്പെടുത്തിയ ശക്തമായ നിയന്ത്രണങ്ങളിലൂടെ ശമ്പളം, വാടക, പലിശ, ലോൺ തിരിച്ചടവ് എന്നീ മേഖലകളിലെ ചിലവ് ചുരുക്കിയും, വില്പന വർദ്ധിപ്പിച്ചും |

| | | | |
|---|---|---|---|
| | | | കൺസ്യൂമർഫെഡ് ലാഭത്തിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൺസ്യൂമർഫെഡിന്റെ കീഴിൽ കൂടുതൽ ആധുനിക മെഗാമാർട്ടുകൾ ആരംഭിച്ചും വീട്ടുപടിക്കൽ സാധനങ്ങൾ എത്തിച്ചും ഉപഭോക്തൃ സേവനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ത്രിവേണികളുടെ വാട്ട്സ് അപ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് നിത്യോപയോഗ സാധനങ്ങൾ ഹോം ഡെലിവെറി ആയി വീട്ടുകളിൽ എത്തിച്ച് നൽകുന്നുണ്ട്. www.consumerfed.in എന്ന വെബ് പോർട്ടൽ ആരംഭിച്ച് ഓൺ ലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാര ത്തിലൂടെ വീട്ടുകളിൽ എത്തിക്കുകയും ചെയ്യുന്നുണ്ട് |
| (സി) | പർച്ചേസ് സംവിധാനം സുതാര്യവും കൂടുതൽ കാര്യക്ഷമവുമാക്കിക്കൊണ്ടും സംഭരണ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടും ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ഉപഭോക്താക്കളിലേക്കെത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | പത്രപ്പരസ്യം നൽകി ഇ-ടെണ്ടർ മുഖേനയാണ് കൺസ്യൂമർഫെഡ് പലവ്യഞ്ജന സാധനങ്ങൾ വാങ്ങുന്നത്. കൂടാതെ സബ്സിഡി സമയങ്ങളിൽ കൂടുതൽ സുതാര്യമായി ഇ- ടെണ്ടറിനോടൊപ്പം NCDEX E-Auction വഴിയും സാധനങ്ങൾ വാങ്ങി വരുന്നു. |

സെക്ഷൻ ഓഫീസർ